V റിപ്പോർട്ട് സമർപ്പണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സ്ത്രീകളുടെയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

10A.M]

VI വ്യക്തിപരമായ വിശദീകരണം

Mr. Speaker : Kodiyeri,.. what is your personal explanation ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇന്നലെ റവന്യൂ വകുപ്പിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സ്ഥലംമാറ്റങ്ങളിൽ പ്രതിപക്ഷത്തുനിന്നുമുള്ള മെമ്പർമാരുടെ റെക്കമെന്റേഷനുമുണ്ട് എന്നു പറഞ്ഞുകൊണ്ട് എന്റേയും പേര് പരാമർശിക്കുകയുണ്ടായി. ഇവിടെ ഞങ്ങൾക്ക് ധാരാളം പരാതികൾ കിട്ടാറുണ്ട്. ആ കിട്ടുന്ന പരാതികൾ മന്ത്രിമാർക്ക് ഫോർവേഡ് ചെയ്യാറുണ്ട്. എനിക്കു കിട്ടിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ഞാൻ ഇങ്ങനെ ഒരു പരാതി കിട്ടിയിട്ടുണ്ട് ഇത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് കവറിംഗ് ലറ്ററോടുകൂടി കൊടുത്തയച്ചു. നമ്മുടെ സംസ്ഥാനത്ത് മന്ത്രിമാർക്ക് കൊടുക്കുന്ന ഇത്തരം കാര്യങ്ങൾ ആയിരക്കണക്കിന് സ്ഥലംമാറ്റങ്ങളെ സംബന്ധിച്ചുള്ള പരാതിക്ക് മറുപടി പറയാൻ വേണ്ടി ഞാൻ കൊടുത്തിട്ടുള്ള ഈ പരാതി ഉപയോഗിച്ചത് പത്രത്തിൽ അച്ചടിച്ചു വന്നപ്പോൾ ഈ സ്ഥലം മാറ്റങ്ങളൊക്കെ നടക്കുന്നതിൽ ഞങ്ങളുംകൂടി ഭാഗഭാക്കുകളാണെന്നുള്ള ധ്വനി വന്നിട്ടുണ്ട്. അത് എന്നെ സംബന്ധിച്ച് മോശമായ ഒരു സ്ഥിതി വന്നിട്ടുണ്ട്. ശ്രീ. കെ. എം. മാണി ഒരു ജന്റിൽമാനാണ് എന്നുള്ള നിലയിൽ ഞാൻ ആ പരാതി തന്നുപോയതാണ്. മാത്രമല്ല കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം കൊടുത്തിട്ടുമില്ല. അത് കൊടുത്തുവെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിക്കത്തക്കതരത്തിലുള്ള പ്രസ്താവന നടത്തിയതിൽ പ്രതിഷേധമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ആയിരക്കണക്കിന് സ്ഥലം മാറ്റവും ഞാൻ കൊടുത്ത കത്തുംകൂടി വച്ച് ഒരു അന്വേഷണത്തിന് തയ്യാറുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഞാൻ വിചാരിച്ചത് സ്പോർട്സ്മാൻ സ്പിരിറ്റ് ശ്രീ. കോടിയേരി ബാലകൃഷ്ണന് ഉണ്ടെന്നാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സ്പോർട്ട്സ്മാൻ സ്പിരിറ്റോടുകൂടി എന്റെ പരാമർശം കാണാത്തതിൽ എനിക്ക് വിഷമമുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ തെറ്റുചെയ്തുവെന്നല്ല ഞാൻ പറഞ്ഞത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അപ്രസക്തമായി എന്തെങ്കിലും ചെയ്തുവെന്നുമല്ല. ഞാൻ പറഞ്ഞത് സിമ്പതറ്റിക് കേസുകളുണ്ടാകാം, അങ്ങനെയുള്ള സിമ്പതറ്റിക് കേസുകൾ പ്രതിപക്ഷനേതാക്കന്മാരിൽനിന്നുപോലും എനിക്ക് കിട്ടിയിട്ടുണ്ട്. ഞാൻ അതിൽ ഓർഡറുമിട്ടിട്ടുണ്ട്. ഇതാണ് ഞാൻ പറഞ്ഞത്. അതിൽ തെറ്റൊന്നുമില്ല. അതുകൊണ്ട് സ്പോർട്ട്സ്മാൻ സ്പിരിറ്റുള്ള ഒരാളാണ്

LIBRARY ARCHIVES Kerala Legislative Assembly